E 2391 (Pages : 3) Reg. No..................................

Name....................................

## B.A. DEGREE (C.B.C.S.S.) EXAMINATION, NOVEMBER 2015

First Semester

B.A. Malayalam (Model I and Model II)

Core Course—**കവിതാസംക്രമം**

(2013 Admission onwards)

Time : Three Hours Maximum : 80 Marks

### പാർട്ട് എ

ഒരു വാക്യത്തിലോ വാക്കിലോ ഉത്തരമെഴുതുക.

1. ചങ്ങമ്പുഴ കൃഷ്ണപിള്ള എഴുതിയ നോവൽ ഏത് ?
2. ഇടശ്ശേരിയുടെ നാടകത്തിൻെറ പേര്.
3. സബി ആരുടെ കവിതയാണ് ?
4. കാവ്യലോക സ്മരണകൾ ആരുടെ ആത്മകഥയാണ് ?
5. നാവുമരം എന്ന കവിത എഴുതിയതാരാണ് ?
6. പ്രത്യക്ഷ രക്ഷാദൈവ സഭ സ്ഥാപിച്ചതാരാണ് ?
7. ഒ.എൻ.വി.യ്ക്ക് വയലാർ പുരസ്കാരം ലഭിച്ച കൃതി ഏത് ?
8. ആധുനികതയുടെ ചുവന്ന വാൽ ആരുടെ കൃതിയാണ് ?
9. മണിനാദത്തിന് അവതാരിക എഴുതിയത് ആരാണ് ?
10. കടുക്ക ആരുടെ കവിതയാണ് ?

(10 × 1 = 10)

### പാർട്ട് ബി

അരപ്പുറത്തിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. സ്വപ്നത്തിനോടൊപ്പം നടുക്കുമെന്നിൽ
യുദ്ധം കെടുത്തിയ സൂര്യനുണ്ട്
—ആശയമെഴുതുക.

12. എങ്ങനെ രഞ്ജിക്കാനാ
ണെന്നുടെ സങ്കല്പവും
നിന്നുടെ യാഥാർത്ഥ്യവും
—അർത്ഥമെഴുതുക.

Turn over

13. കടമ്മനിട്ടയുടെ പ്രധാന കൃതികളെ പരിചയപ്പെടുത്തുക.

14. തിന്നവർ തിമിർക്കവേ ഏതും വിലക്കാതെ
നിന്നു നീ സർവസംഹയായ്

—കാരണമെന്ത് ?

15. ആധുനിക കവിതയുടെ പ്രത്യേകതയെന്ത് ?

16. പാണൻെറ കുലമറ്റാൽ
പാട്ടു പിന്നെയാരു പാടാൻ

—സന്ദർഭം വ്യക്തമാക്കുക.

17. കാവ്യബിംബം എന്നാലെന്ത് ? വിശദമാക്കുക.

18. കാർട്ടൂൺ കവിതകളുടെ സവിശേഷതകൾ വിവരിക്കുക.

19. നിലാവു നുരയും പച്ച
ക്കുമ്പിളാണീ വസുന്ധര
അതോ കണ്ണീരിനാൽ ക്ലാവു
പിടിച്ചോരോട്ടു പാത്രമോ ?

—വിശദമാക്കുക.

20. ചങ്ങമ്പുഴയുടെ കവിതകൾ ആത്മകഥാപാത്രമാണെന്ന അഭിപ്രായം പരിശോധിക്കുക.

21. കെ.ആർ. ടോണിയുടെ സബി എന്ന കവിതയെ വിലയിരുത്തുക.

22. പരസ്ഥിതിക്കവിതകളുടെ സവിശേഷതകൾ വിവരിക്കുക.

(8 × 2 = 16)

## പാർട്ട് സി

ഒരു പുറത്തിൽ കവിയാതെ ആറ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

23. കടുക്ക എന്ന കവിതയിലെ ഹാസ്യസങ്കല്പം വിശദീകരിക്കുക.

24. പ്രണയാലിണയൊത്തു
ചെന്നെത്തുമെനിക്കേകീ
പ്രകൃതീശ്വരിയുടെ
തീർത്ഥവും പ്രസാദവും

—സന്ദർഭവും ആശയവും വിശദമാക്കുക.

25. ചക്രവാളം നിറഞ്ഞതോ
തേജോരാശിയുദിക്കയാം
മണ്ണിൻെറ പച്ചസ്സിരകൾ
നീയിറ്റിറ്റു കുളിർക്കയാം

—ഈ വരികളുടെ പ്രാധാന്യം വിവരിക്കുക.

26. വായില്ലാക്കുന്നിലപ്പൻ

വാ പൊളിക്കാൻ വയ്യാതെ

മോളിലേക്ക് നോക്കിനിൽക്കെ

—കാരണം വിശദമാക്കുക.

27. കുറ്റിപ്പുറം പാലം എന്ന കവിതയിൽ ഇടശ്ശേരി പങ്കു വെയ്ക്കുന്ന ചിന്തകൾ സംഗ്രഹിക്കുക.

28. അറിയാതെ ജനനിയെപ്പരിണയിച്ചൊരു യവന

തരുണന്റെ കഥയെത്ര പഴകീ-

—കഥയും സന്ദർഭവും വിശദമാക്കുക.

29. സംക്രമണം എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

30. അധികാരത്തോടുള്ള പ്രതിരോധവും പ്രതിഷേധവുമാണ് 'നാവുമരം'—വിശദീകരിക്കുക.

31. കൊന്തയും പൂണൂലും എന്ന കവിതയെ വിമർശനാത്മകമായി വിലയിരുത്തുക.

(6 × 4 = 24)

## പാർട്ട് ഡി

നാലു പുറത്തിൽ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. ഉത്തരാധുനിക കവിതകളുടെ പ്രത്യേകതകൾ പാഠഭാഗത്തെ ആസ്പദമാക്കി അപഗ്രഥിക്കുക.

**അല്ലെങ്കിൽ**

33. കാണുന്നില്ലോരക്ഷരവും എന്ന കവിതയെ മുൻനിർത്തി ദളിത് കവിതാ ചരിത്രം വിവരിക്കുക.

34. ശിവതാണ്ഡവം—പഠനമെഴുതുക.

**അല്ലെങ്കിൽ**

35. ഭൂമിയൊക്കൊരു ചരമഗീതം എന്ന കവിത ഉയർത്തുന്ന ആശങ്കകൾ ചർച്ച ചെയ്യുക.

(2 × 15 = 30)